"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള 15 വർഷം കഴിഞ്ഞ വാഹനങ്ങളുടെ രജിസ്ട്രേഷൻ കാലാവധി സി.എഫ്. പുതുക്കുന്നതിനുള്ള അനുമതിയോടു കൂടി 30.09.2026 വരെ നീട്ടി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഗതാഗത (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.389/2024/TRANS തീയതി,തിരുവനന്തപുരം, 28-09-2024

---

പരാമർശം:- 1. സ.ഉ. (സാധാ) നം. 162/2023/ഗതാ തീയതി 28/04/2023

2. സി.എം.ഡി. കെ.എസ്.ആർ.ടി.സി. യുടെ 17/01/2024 തീയതിയിലെ ML3/002389/17 നമ്പർ കത്ത്

**ഉത്തരവ്**

കെഎസ്.ആർ.ടി.സി.യുടെ വാഹനങ്ങൾ പൊതുനിരത്തുകളിൽ നിന്നും പിൻവലിക്കുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകാവുന്ന രൂക്ഷമായ യാത്രാക്ലേശം കണക്കിലെടുത്ത്, കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള 15 വർഷത്തിനുമേൽ പഴക്കമുള്ളതും പരിവാഹനിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദ് ചെയ്തതുമായ എല്ലാ വാഹനങ്ങളുടെയും രജിസ്ട്രേഷൻ കാലാവധി, ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനുകളിൽ ഫിറ്റ്നസ് പരിശോധനക്ക് വിധേയമാക്കുന്നതിനായി കേന്ദ്രം പുനർനിർണ്ണയിച്ച് നൽകിയ തീയതി അല്ലെങ്കിൽ സർക്കാർ കേന്ദ്ര വാഹന സോഫ്റ്റ്‌വെയറിൽ ഭേദഗതി വരുത്തുന്നത് വരെ, ഏതാണ് ആദ്യം അതുവരെ, നിലവിലുള്ള രജിസ്ട്രേഷൻ നമ്പർ നിലനിർത്തി ദീർഘിപ്പിച്ച് നൽകുന്നതിനും, സി.എഫ്. പുതുക്കി നൽകുന്നതിനും പൊതു താല്പര്യം മുൻനിർത്തി, ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകി പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തുടർന്ന് പരാമർശം 2 ലെ കത്ത് പ്രകാരം 15 വർഷത്തിലധികരിച്ച കെ.എസ്.ആർ.ടി.സി വാഹനങ്ങളുടെ കാലാവധി 30/09/2024 വരെ ദീർഘിപ്പിച്ച് നൽകിയത് തുടർന്നും 2 വർഷ കാലയളവിലേക്ക് കൂടി അടിയന്തിരമായി ദീർഘിപ്പിച്ച് നല്കണമെന്ന് കെ എസ് ആർ ടി സിയുടെ ചെയർമാൻ & മാനേജിങ്ങ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. അല്ലാത്തപക്ഷം 09/2024-ന് ശേഷം കോർപ്പറേഷന്റെ 1270 വാഹനങ്ങൾ (1117 എണ്ണം ബസ്സുകൾ + 153 എണ്ണം ബസ്സിതര വാഹനങ്ങൾ) നിരത്തിലിറക്കാൻ കഴിയാതെ വൻ പ്രതിസന്ധിക്കിടയാക്കുമെന്നും, പൊതു നിരത്തിൽ നിന്നും ഇത്രയധികം വാഹനങ്ങൾ പിൻവലിക്കേണ്ടി വരുന്നത് KSRTC യുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നും അറിയിച്ചിരുന്നു.രെജിസ്ട്രേഷൻ റദ്ദാക്കുന്ന വാഹനങ്ങൾക്കു പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം അനുവദിച്ചിട്ടില്ല എന്നതും പ്രൈവറ്റ് ബസ്സുകൾക്കുള്ള

കാലപരിധി 22 വർഷമായി സർക്കാർ ഉയർത്തി നൽകിയിട്ടുള്ളതും കൂടി പരിഗണിച്ച് കെ.എസ്.ആർ.ടി.സി വാഹനങ്ങൾക്ക് സൂചന 1 പ്രകാരം അനുവദിച്ച സമയപരിധി 30/09/2026 വരെ ദീർഘിപ്പിച്ച് നൽകണമെന്നും കെ എസ് ആർ ടി സിയുടെ ചെയർമാൻ & മാനേജിങ്ങ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ.ടി.സി യുടെ 1270 വാഹനങ്ങൾ (1117 എണ്ണം ബസ്സുകൾ + 153 എണ്ണം ബസ്സിതര വാഹനങ്ങൾ) നിരത്തിലിറക്കാൻ കഴിയാതെ വരുന്നത് പൊതുഗതാഗത സംവിധാനത്തിനു വൻ പ്രതിസന്ധിയാകുമെന്നതിനാലും 15 വർഷം പിന്നിടുന്ന 1117 ബസ്സുകളും 153 ബസ്സിതര വാഹനങ്ങളും സർവ്വീസിൽ നിന്നും പിൻവലിക്കേണ്ടി വരുന്നത് കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തനത്തെ ബാധിക്കുമെന്നുമുള്ളതിനാൽ സൂചന 1 പ്രകാരം കെ.എസ്.ആർ.ടി.സിയ്ക്ക് അനുവദിച്ച സമയപരിധി 30/09/2026 വരെ ദീർഘിപ്പിച്ച് നൽകുന്നതിനു ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ വാസുകി കെ ഐ എ എസ്
സെക്രട്ടറി

ഗതാഗത കമ്മിഷണർ
സി.എം.ഡി., കെ എസ് ആർ ടി സി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് 1 /ഓഡിറ്റ് 2)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസിൽ കോപ്പി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ